"ഭരണഭാഷ– മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മൽസ്യബന്ധന തുറമുഖ വകുപ്പ്–ഓട്ടോമാറ്റിക് വെസ്സൽ മോണിറ്ററിങ് സിസ്റ്റം – ഗുണഭോക്തൃ വിഹിതമായി നിക്ഷേപിച്ചിരുന്ന തുക പിൻവലിച്ചത് തിരികെ നൽകി ഉത്തരവാകുന്നു.

---

**മൽസ്യബന്ധന തുറമുഖ (ബി) വകുപ്പ്**

G.O.(Rt)No.204/2019/F&P തീയതി,തിരുവനന്തപുരം, 13/03/2019

---

പരാമർശം:– 1 15.05.2015ലെ സ.ഉ(സാ.ധാ) നം 357/2015/മ.തു.വ നമ്പർ സർക്കാർ ഉത്തരവ്.

2 ഫിഷറീസ് ഡയറക്ടറുടെ 07.01.2019ലെ ജി3/6378/2015(2) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

'ആട്ടോമാറ്റിക് ഫിഷിംഗ് വെസൽ മോണിറ്ററിംഗ് സിസ്റ്റം' എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 300 യന്ത്രവത്കൃത ബോട്ടുകളിൽ വെസൽ ട്രാക്കിംഗ് യൂണിറ്റുകളും HRP-യും ഘടിപ്പിക്കുന്നതിന് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. ഒരു ട്രാക്കിംഗ് യൂണിറ്റിന് 1,300/- രൂപ ഗുണഭോക്തൃ വിഹിതമായി ഈടാക്കിക്കൊണ്ടു 13,000/- രൂപ നിരക്കിൽ സപ്ലൈ ചെയ്യുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തിയിരുന്നു എന്നും ഗുണഭോക്തൃ വിഹിതമായി അവശേഷിച്ചിരുന്ന തുകയായ 2,17,100/- രൂപ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളത്തിന്റെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നത് പിൻവലിച്ചുവെന്നും ആയത് 2018-19 ലെ 2405-00-103-91(പ്ലാൻ) ശീർഷകത്തിൽ നിന്നും അനുവദിച്ചുത്തരവാകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശം (2) അഭ്യർത്ഥിച്ചിരിക്കുന്നു.

**സർക്കാർ മേൽ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. 'ആട്ടോമാറ്റിക് ഫിഷിംഗ് വെസൽ മോണിറ്ററിംഗ് സിസ്റ്റം' എന്ന പദ്ധതി**യുമായി ബന്ധപ്പെട്ട ഗുണഭോക്തൃ വിഹിതമായ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളത്തിന്റെ STSB a/c-ൽ നിക്ഷേപിച്ചിരുന്നതും സർക്കാർ പിൻവലിച്ചതുമായ `2,17,100/- രൂപ (രണ്ടു ലക്ഷത്തി

പതിനേഴായിരത്തി ഒരുന്നൂറു രൂപ മാത്രം) 2018-19ലെ 2405-00-103-91 (പ്ലാൻ) ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GIRIJA KUMARI G

JOINT SECRETARY

പകർപ്പ്

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ഡയറക്ടർ, വിവരവും പൊതുജന സമ്പർക്കവും വകുപ്പ്(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ